ഉത്തരം

(എ) മൂന്നു ബസ്സുകൾ (ഏഴ് റൗണ്ട് ട്രിപ്പുകൾ)

(ബി) ബസ്സിന്റെയും ജീവനക്കാരുടെയും ലഭ്യതയനുസരിച്ച് കഴിവതും കൃത്യമായി സർവ്വീസ് നടത്തുന്നുണ്ട്.

(സി) ബസ്സുകളുടെയും ജീവനക്കാരുടെയും കുറവുമൂലം തൽക്കാലം നിർവാഹമില്ല. മാത്രവുമല്ല, ധാരാളം സ്വകാര്യ ബസ്സുകൾ ഈ റൂട്ടിൽ സർവ്വീസ് നടത്തുന്നുമുണ്ട്.

74 (1039) നിർത്തലാക്കിയ സർവ്വീസ് പുനരാരംഭിക്കാൻ നടപടി

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ-വണ്ടൂർ വഴി കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നിർത്തലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ നിർത്തലാക്കാനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ ബസ് സർവ്വീസ് നിർത്തലാക്കിയതുമൂലം ഈ പ്രദേശത്തെ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പെരിന്തൽമണ്ണ-വണ്ടൂർ-മെഡിക്കൽ കോളേജ് ബസ് സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വരുമാനം കുറവായതുകൊണ്ട്.

(സി) ഉണ്ട്.

(ഡി) വരുമാനം കുറഞ്ഞ സർവ്വീസായതുകൊണ്ടും ബസ്സിന്റെയും ജീവനക്കാരുടെയും അപര്യാപ്തതമൂലവും പുനരാരംഭിക്കാൻ തൽക്കാലം കഴിയുന്നില്ല.

75 (1040) തൃശ്ശൂർ ഡിപ്പോയിൽനിന്നും സർവ്വീസുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തൃശ്ശൂർ ഡിപ്പോയിൽനിന്ന് ഇപ്പോൾ ജില്ലയിൽ എത്ര സർവ്വീസ് നടത്തുന്നുണ്ട്;

(ബി) ചേർപ്പ് നിയോജകമണ്ഡലത്തിൽ എത്ര സർവ്വീസുണ്ട്; നിർത്തലാക്കിയ സർവ്വീസുകൾ ഏതൊക്കെ;

(സി) തൃശ്ശൂർ നിന്ന് അന്തിക്കാട് വഴി കുണ്ടോളിക്കടവിലേക്ക് ഉള്ള സർവ്വീസ്പുള്ള് സെന്ററ്വരെ നീട്ടുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചാലക്കുടി ഡിപ്പോയിൽനിന്ന് ഇരിങ്ങാലക്കുട, കരുവന്നൂർ, എട്ടുമുന, തൃപ്രയാർ റൂട്ടിൽ സർവ്വീസ് ലാഭകരമാണോ; ഈ സർവ്വീസ് തുടർന്ന് നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 75 സർവ്വീസുകൾ

(ബി) 4 സർവ്വീസുകൾ. ഇവയിൽ തൃശൂർ തൃപ്രയാർ സർവ്വീസ് ബസ്സിന്റെയും ജീവനക്കാരുടെയും അപര്യാപ്തതമൂലവും വരുമാനം കുറവായതിനാലും ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാറില്ല.

(സി) തൽക്കാലം നിർവാഹമില്ല.

(ഡി) ലാഭകരമല്ല. തൽക്കാലം നിർവാഹമില്ല.

76 (1041) സൂപ്പർ എക്സ്പ്രസ് ബസ്സുകൾക്ക് സ്റ്റോപ്പ് അനുവദിക്കാൻ നടപടി

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ എസ്.ഡി. കോളേജിന് മുൻവശം കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് ബസുകൾക്ക് സ്റ്റോപ്പ് അനുവദിക്കണമെന്ന് അഭ്യർത്ഥിച്ച് ശ്രീ. ജി. രഘു കൈതവന എന്നയാൾ കായംകുളം എം.എൽ.എ. വഴി അയച്ച നിവേദനങ്ങളിൻമേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(ബി) ഗതാഗത വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ, 22-10-1998ലെ 13078/എ2/98/ട്രാൻ. കത്തിൻപ്രകാരം കെ.എസ്.ആർ.ടി.സി. എം.ഡി. സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(സി) ആലപ്പുഴയിലെ എസ്.ഡി. കോളേജിന് മുൻവശം സ്റ്റോപ്പ് അനുവദിച്ച് കുട്ടനാട്, ആലപ്പുഴ, പുന്പ്ര പ്രദേശങ്ങളിൽ വലിയൊരു വിഭാഗം ജനങ്ങളെ സഹായിക്കാൻ നടപടി എടുക്കുമോ?

ഉത്തരം

(എ) സൂപ്പർ ഫാസ്റ്റ്, സൂപ്പർ എക്സ്പ്രസ് എന്നീ സർവ്വീസുകൾ ദീർഘദൂര യാത്രക്കാർക്ക് അവരുടെ ഡെസ്റ്റിനേഷനിൽ വേഗത്തിൽ എത്തിച്ചേരുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയിരിക്കുന്ന സർവ്വീസുകൾ ആണ്. അത്തരം സർവ്വീസുകൾക്ക് കൂടുതൽ സ്റ്റോപ്പുകൾ അനുവദിച്ചാൽ ആയത് പ്രസ്തുത സർവ്വീസുകളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളെ ഇല്ലാതാക്കും. അതു മാത്രവുമല്ല ഇത്തരം അപ്പർ ക്ലാസ് സർവ്വീസുകൾക്ക്, സ്റ്റോപ്പ് അനുവദിക്കത്തക്ക പ്രാധാന്യം പ്രസ്തുത സ്ഥലത്തിന് ഇല്ല. ആയതിനാൽ നിവേദനത്തിന്മേൽ നടപടികളൊന്നും സ്വീകരിച്ചില്ല.

(ബി) കത്ത് പരിശോധിച്ചു. സൂപ്പർ എക്സ്പ്രസ്, സൂപ്പർ ഫാസ്റ്റ് എന്നീ സർവ്വീസുകൾക്ക് എസ്.ഡി. കോളേജിനുമുന്നിൽ സ്റ്റോപ്പ് അനുവദിക്കത്തക്ക പ്രാധാന്യം പ്രസ്തുത സ്ഥലത്തിനു ഇല്ലാത്തതിനാലും കൂടുതൽ സ്റ്റോപ്പുകൾ അനുവദിക്കുന്നത് ഇത്തരം സർവ്വീസുകളുടെ ഉദ്ദേശ ലക്ഷ്യങ്ങളെത്തന്നെ പരാജയപ്പെടുത്തും എന്നതിനാലും സൂപ്പർഫാസ്റ്റ് സൂപ്പർ എക്സ്പ്രസ് സർവ്വീസുകൾക്ക് സ്റ്റോപ്പുകൾ അനുവദിക്കുന്നത് സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly